**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 12.06.2017 ലെ W.P(C) 31247/2016 നമ്പർ വിധിന്യായം പാലിച്ച് പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ പാർട്ട്ടൈം ലൈബ്രേറിയനായി ജോലി ചെയ്തുവരുന്ന ശ്രീ. സി. ചന്ദ്രനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 150/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 11/10/2018**

---

പരാമർശം : 1. 03.05.2010 ലെ സ.ഉ(കൈ) നം. 88/2010/തസ്വഭവ

2. 06.08.2010 ലെ സ.ഉ(കൈ) നം. 170/2010/തസ്വഭവ

3. 10.02.2011 ലെ W.P(C). 13758/2008 നം. വിധിന്യായം

4. പഞ്ചായത്തു ഡയറക്ടറുടെ 23.07.2015 ലെ ഇ 9-3438/15 നമ്പർ കത്ത്.

5. 22.08.2016 ലെ സ.ഉ (ആർ.ടി) നം. 2495/2016/തസ്വഭവ

6. ബഹു. കേരളാ ഹൈക്കോടതിയുടെ 12.06.2017 ലെ W.P(C) 31247/2016 നമ്പർ വിധിന്യായം.

**ഉത്തരവ്**

മേലാർകോട് ഗ്രാമപഞ്ചായത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ പാർട്ട്ടൈം ലൈബ്രേറിയനായി ജോലി ചെയ്തുവന്നിരുന്ന ശ്രീ. സി. ചന്ദ്രൻ ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത W.P(C). 6571/16 നമ്പർ ഹർജിയിലെ 30.05.2016 ലെ വിധിന്യായത്തിൽ ഹർജിക്കാരന്റെ നിയമന ക്രമവൽക്കരണത്തിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്ന പ്രൊപ്പോസൽ പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിനെത്തുടർന്ന് താൽക്കാലികാടിസ്ഥാനത്തിലോ ദിവസവേതന/കരാർ വ്യവസ്ഥയിലോ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ലായെന്ന കാരണത്താൽ ശ്രീ. ചന്ദ്രനെ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം നിരസിച്ച് പരാമർശം (5) ലെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ശ്രീ. സി. ചന്ദ്രൻ ബഹു. ഹൈക്കോടതിയിൽ W.P(C) 31247/2016 നമ്പർ ഹർജി ഫയൽ ചെയ്യുകയും ടി ഹർജിയിലെ പരാമർശം (6) ലെ വിധിന്യായത്തിൽ സർക്കാരിന്റെ പതിനൊന്നിന പരിപാടി പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനായി നിയമിതനായ ശ്രീ. ചന്ദ്രൻ 06.06.1999 മുതൽ ജോലി ചെയ്തുവരുന്നതായും പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായ ഓണറേറിയം ജീവനക്കാരെ സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ. ചന്ദ്രന്റേത് സമാനമായ കേസായിരുന്നിട്ടും സർക്കാർ ഇക്കാര്യം പരിഗണിക്കാതെയാണ് പരാമർശം (5) ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ആയതിനാൽ പരാമർശം (5) ലെ ഉത്തരവ് റദ്ദ് ചെയ്യുകയും ഹർജിക്കാരനെ പരാമർശം (1) ലെ ഉത്തരവ് പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനും ശമ്പള കുടിശ്ശിക നൽകുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു.

ശ്രീ. സി. ചന്ദ്രനെ സ്ഥിരപ്പെടുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിൻ പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ 22.05.1998 ലെ 4-ാം നം. തീരുമാന പ്രകാരം ശ്രീ. ചന്ദ്രനെ സാംസ്കാരിക നിലയത്തിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുവാൻ തീരുമാനിച്ചു. എന്നാൽ ടിയാൻ 12.10.2006 മുതൽ 15.04.2011 വരെ സസ്പെൻഷനിലായിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3) ലെ വിധിന്യായ പ്രകാരം ടിയാനെ 16.04.2011 മുതൽ ജോലിയിൽ പുന പ്രവേശിപ്പിക്കുകയും സസ്പെൻഷൻ കാലയളവ്

ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം 1988 ൽ സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ, ഗ്രാമപഞ്ചായത്തുകളിലെ സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ,നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് ഗ്രാമപഞ്ചായത്തുകൾ,നഗരസഭകൾ, മുൻസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ പതിനൊന്നിന പരിപാടി പ്രകാരം സ്ഥപിതമായ സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ,നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പരാമർശം (2) ലെ ഉത്തരവ് പ്രകാരവും 02.08.2014 ലെ സ.ഉ.(എം.എസ്) 140/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവും പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ശ്രീ.സി.ചന്ദ്രൻ 06.06.1999 മുതൽ പതിനൊന്നിന പരിപാടിപ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ശ്രീ.സി.ചന്ദ്രൻ സസ്പെൻഷനിലായിരുന്ന 12/10/2006 മുതൽ 15/04/2011 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചിട്ടുള്ളത് ക്രമപ്രകാരമാണെന്ന് കാണുന്നു. പരാമർശം (2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.സി.ചന്ദ്രന് ജോലി സ്ഥിരപ്പെടുത്തി നൽകാവുന്നതാണെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ചെയ്യുകയും ആയതിൻപ്രകാരം പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അപ്രകാരം ശുപാർശ ചെയ്തിട്ടുള്ളതും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ വകുപ്പുതല നടപടികളോ നിലവിലില്ലെന്നും സ്വഭാവം തൃപ്തികരമാണെന്നും പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം 06.06.1999 മുതൽ ഓണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി ജോലി ചെയ്തു വരുന്ന ശ്രീ.സി.ചന്ദ്രന് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാന്റെ ശൂന്യവേതനാവധിയായി ക്രമീകരിച്ച സസ്പെൻഷൻ കാലയളവ് കഴിച്ച് 16/04/2011 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (6) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. സി. ചന്ദ്രൻ, പാർട്ട്ടൈം ലൈബ്രേറിയൻ, മേലാർകോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല (മേലാർകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
സെക്രട്ടറി, മേലാർകോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/226/2017/Fin. തീയതി 23.07.2018 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/156/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ